ഒന്നാം പാദവാർഷിക മൂല്യനിർണ്ണയം- 2016

സോഷ്യൽ സയൻസ്

STD : 10 ഉത്തരസൂചിക Mark :80

| | | | |
|---|---|---|---|
| 1 | മസ് ദൂർ കിസാൻ ശക്തി സംഘാതൻ | 1 | 1 |
| 2 | കറുപ്പു വ്യാപാരം - കറുപ്പ് വ്യാപാരം ചൈനീസ് ജനതയുടെ മാനസിക ശാരീരിക നിലയെ പ്രതികൂലമായി ബാധിച്ചു.<br>- സാമ്പത്തികമായും മാനസികമായും ചൈനക്കാർ അടിമത്തത്തിലായി.<br>തുറന്ന വാതിൽ നയം - തുറന്നവാതിൽ നയത്തിലൂടെ ചൈന വിവിധ രാജ്യങ്ങളുടെ സ്വാധീനമേഖലകളായി വിഭജിക്കപ്പെട്ടു.<br>-ചൈനയുടെ കമ്പോളങ്ങൾ എല്ലാ രാജ്യങ്ങൾക്കുമായി തുറന്നുകൊടുത്തു. | 1+1 | 2 |
| 3 | ഹേമന്തകാലം<br>വസന്തകാലം | 1+1 | 2 |
| 4 | ലോക ബാങ്കും , IMF [അന്താരാഷ്ട്ര നാണയനിധി ] ,WTO ഉം | 1+1 | 2 |
| 5 | ICDS - സംയോജിത ശിശു വികസന സേവന പരിപാടി. | 1 | 1 |
| 6 | 1. ഒന്നാം ലോകയുദ്ധാനന്തരം ജർമ്മനിയുടെ മേൽ അടിച്ചേല്പിച്ച വേഴ് സായ് സന്ധി.<br>2.സാമ്പത്തിക തകർച്ചയും പണപ്പെരുപ്പവും.<br>3.ജർമ്മൻ ഭരണത്തിന്റെ പരാജയവും രാഷ്ട്രീയ അസ്ഥിരതയും<br>[ ഏതെങ്കിലും രണ്ടെണ്ണം ] | 1+1 | 2 |
| 7 | -1948 ൽ ഇസ്രായേൽ എന്ന രാജ്യം രൂപം കൊണ്ടതിനു ശേഷം ഇസ്രായേലും അറബ് രാഷ്ട്രങ്ങളും തമ്മിൽ നിരവധി യുദ്ധങ്ങളുണ്ടായി.<br>-ഇസ്രായേൽ പലസ്തീനെ കൈവശപ്പെടുത്തി.<br>-പലസ്തീൻ ജനത ജന്മ നാട്ടിൽ നിന്ന് പുറത്താകുകയും അറേബ്യൻ രാജ്യങ്ങളിൽ അഭയം പ്രാപിക്കുകയും ചെയ്തു.<br>-തുടർന്ന് പലസ്തീൻ വിമോചന സംഘടനയുടെ കീഴിൽ യാസർ അറാഫത്തിന്റെ നേതൃത്വത്തിൽ പലസ്തീൻ തുടരുകയും സ്വതന്ത്രരാഷ്ട്രമാകാനുള്ള ശ്രമങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്തു. | 1+1+1 | 3 |
| 8 | മെർക്കന്റലിസ്റ്റ് നിയമങ്ങളിലൂടെയാണ് ഇംഗ്ലണ്ട് അമേരിക്കയിൽ വ്യാപാര നിയന്ത്രണം നടപ്പിലാക്കിയത്. അതിലെ പ്രധാന വ്യവസ്ഥകളാണ്<br>1. കച്ചവടത്തിനായി അമേരിക്കയുടെ കപ്പലുകളോ ഇംഗ്ലണ്ടിന്റെ കപ്പലുകളോ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.<br>2. കോളനികളിൽ ഉല്പാദിപ്പിച്ചിരുന്ന പഞ്ചസാര, കമ്പിളി , പരുത്തി , പുകയില തുടങ്ങിയവ ഇംഗ്ലണ്ടിലേക്ക് മാത്രമേ കയറ്റി അയക്കാൻ പാടുള്ളൂ.<br>3. കോളനികളിലെ നിയമപരമായ എല്ലാ രേഖകളിലും ഇംഗ്ലണ്ടിന്റെ സ്റ്റാമ്പ് പതിച്ചിരിക്കണം.<br>4. കോളനികളിലെ ബ്രിട്ടീഷ് സൈന്യത്തിന്റെ താമസ സൗകര്യങ്ങളും മറ്റും | 1+1+1<br>+1 | 4 |

| | | | |
|---|---|---|---|
| | കോളനിക്കാർ നൽകണം<br>5. കോളനികളിലേക്ക് ഇറക്കുമതി ചെയ്തിരുന്ന തേയില ഗ്ലാസ് കടലാസ് എന്നിവയ്ക്ക് ഇറക്കുമതിചുങ്കം നൽകണം<br><br>[ ഏതെങ്കിലും നാലെണ്ണം ] | | |
| 9 | -പരിക്രമണവേളയിൽ സൂര്യന്റെ ആപേക്ഷികസ്ഥാനം മധ്യരേഖയ്ക്ക് നേരെ മുകളിൽ എത്തുന്നത് മാർച്ച് 21 , സെപ്റ്റംബർ 23 എന്നീ ദിവസങ്ങളിലാണ് .<br>-അതുകൊണ്ടുതന്നെ ഈ ദിനങ്ങളിൽ രണ്ട് അർദ്ധഗോളങ്ങളിലും പകലിന്റെ ദൈർഘ്യം തുല്യമായിരിക്കും.<br>-ഈ ദിനങ്ങളെ സമരാത്രദിനങ്ങൾ അഥവാ വിഷുവങ്ങൾ എന്ന് വിളിക്കുന്നു. | 1+1+1 | 3 |
| 10 | സാമ്രാജ്യത്വ രാഷ്ട്രങ്ങളുടെ പ്രതിസന്ധികൾ :-<br>1. *മൊറോക്കൻ പ്രതിസന്ധി* - മൊറോക്കൊ കൈവശപ്പെടുത്താൻ വേണ്ടി ജർമ്മനിയും ഫ്രാൻസും തമ്മിലുണ്ടായ തർക്കം.<br>- ഫ്രഞ്ച് കോംഗോയുടെ ഒരു ഭാഗം ജർമ്മനിക്ക് നൽകി മൊറോക്കോയിൽ ഫ്രാൻസിന്റെ അവകാശം നിലനിർത്തിക്കൊണ്ട് ഈ പ്രശ്നത്തിന് താൽകാലികമായി പരിഹരിച്ചെങ്കിലും അവർ തമ്മിലുള്ള ശത്രുത തുടർന്നു.<br><br>2. *ബാൾക്കൻ പ്രതിസന്ധി* - ഓട്ടോമൻ സാമ്രാജ്യത്തിന്റെ തകർച്ചക്കു ശേഷം അവരുടേ കീഴിലുണ്ടായിരുന്ന ബാൾക്കൻ പ്രദേശങ്ങൾ കീഴടക്കാൻ വേണ്ടി സാമ്രാജ്യത്വ രാജ്യങ്ങളുടെ ശ്രമങ്ങളാണ് ബാൾക്കൻ പ്രതിസന്ധി എന്നറിയപ്പെടുന്നത്.<br><br>തീവ്ര ദേശീയതയിലധിഷ്ഠിതമായി രൂപീകരിക്കപ്പെട്ട പ്രസ്ഥാനങ്ങൽ :-<br>1. പാൻസ്ലാവ് പ്രസ്ഥാനം - സ്ലാവ് വംശജരെ സംരക്ഷിക്കാൻ വേണ്ടി റഷ്യയുടെ നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ട പ്രസ്ഥാനം<br>2. പാൻ ജർമ്മൻ പ്രസ്ഥാനം - ട്യൂട്ടോണിക് വർഗ്ഗക്കാരെ ഏകോപിപ്പിക്കാൻ വേണ്ടി ജർമ്മനി ആരംഭിച്ച പ്രസ്ഥാനം<br>3. പ്രതികാര പ്രസ്ഥാനം - ജർമ്മനി പിടിച്ചെടുത്ത അൾസെയിസ് ലോറൈൻ പ്രദേശങ്ങൾകൈവശപ്പെടുത്താൻ വേണ്ടി ഫ്രാൻസ് ആരംഭിച്ച പ്രസ്ഥാനം<br><br>സൈനീക സഖ്യങ്ങളുടെ രൂപീകരണം :-<br>ഒന്നാം ലോകയുദ്ധത്തിനു മുൻപ് രൂപീകരിക്കപ്പെട്ട രണ്ട് സൈനീക സഖ്യങ്ങളാണ് ത്രികക്ഷി സഖ്യവും ത്രികക്ഷി സൗഹാർദ്ദവും.<br>ത്രികക്ഷി സഖ്യം - ജർമ്മനി , ആസ്ത്രിയ ഹങ്കറി , ഇറ്റലി<br>ത്രികക്ഷി സൗഹാർദ്ദം - ഇംഗ്ലണ്ട് , ഫ്രാൻസ് , റഷ്യ<br><br>അല്ലെങ്കിൽ<br>റഷ്യൻ വിപ്ലവത്തിന്റെ കാരണങ്ങൾ :-<br>ജനങ്ങളുടെ ദുരിതജീവിതം<br>- കാർഷിക രംഗത്തെ കുറഞ്ഞ ഉല്പാദനവും ഉയർന്ന നികുതിയും അവരെ കൂടുതൽ ദുരിതത്തിലാക്കി.<br>- വിദേശികൾ നിയന്ത്രിച്ചിരുന്ന വ്യവസായ ശാലകളിലും തൊഴിലാളികൾ | 2+2+2 | 6 |

| | | | |
|---|---|---|---|
| | അടിമകളെ പോലെയായിരുന്നു.<br><br>**സ്വേച്ഛാധിപത്യഭരണം**<br>- സാർ ചക്രവർത്തിമാരുടെ ഭരണത്തിൻ കീഴിൽ രാജകുടുംബത്തിനും അനുജരന്മാർക്കും പ്രഭുക്കൾക്കും മാത്രമേ സഹായങ്ങൾ ലഭിച്ചിരുന്നുള്ളു.<br><br>**മാർക്സിസ്റ്റ് ആശയങ്ങളുടെ സ്വാധീനം**<br>- കാൾമാർക്സും ഏംഗൽസും ആവിഷ്കരിച്ച മാർക്സിസ്റ്റ് ആശയങ്ങൾ തൊഴിലാളികൾക്ക് ആവേശം പകർന്നു.<br>- മുതലാളിമാർ നിയന്ത്രിക്കുന്ന ഉത്പാദനവ്യവസ്ഥയ്ക്ക് പകരം തൊഴിലാളികളുടെ ആധിപത്യം സ്ഥാപിക്കാൻ അവർ ആഹ്വാനം ചെയ്തു.<br>- തൊഴിലാളികൾ സോഷ്യൽ ഡെമോക്രാറ്റിക് വർക്കേഴ്സ് പാർട്ടി രൂപീകരിക്കുകയും തൊഴിലാളികളുടെ പ്രശ്ന പരിഹാരത്തിനായി സമരങ്ങൾ തുടങ്ങുകയും ചെയ്തു.<br><br>**ബോൾഷെവിക് പാർട്ടിയുടെ രൂപീകരണം**<br>- സോഷ്യൽ ഡെമോക്രാറ്റിക് വർക്കേഴ്സ് പാർട്ടി പിന്നീട് മെൻഷെവിക് പാർട്ടിയെന്നും ബോൾഷെവിക് പാർട്ടിയെന്നും രണ്ടായി വിഭജിക്കപ്പെട്ടു.<br>- ഇതിൽ മെൻഷെവിക് പാർട്ടി പ്രഭുക്കന്മാരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്ന ന്യൂന പക്ഷപാർട്ടിയായി.<br>- എന്നാൽ ലെനിന്റെ നേതൃത്വത്തിലുള്ള ബോൾഷെവിക് പാർട്ടി കർഷകരുടേയും തൊഴിലാളികളുടേയും താല്പര്യങ്ങളാണ് സം രക്ഷിച്ചത്. | 1 1/2+<br>1 1/2+<br>1 1/2+<br>1 1/2 | 6 |
| 11 | - ഇന്ത്യയും ഗ്രീനിച്ച് രേഖയും തമ്മിൽ 51/2 മണിക്കൂർ വ്യത്യാസമുണ്ട്.<br>- ഇന്ത്യയേക്കാൾ 51/2 മണിക്കൂർ കുറവാണ് ഗ്രീനിച്ച് രേഖയിൽ.<br>- ഇന്ത്യയിൽ 4 pm ആകുമ്പോൾ ഗ്രീനിച്ച് രേഖയിൽ സമയം 10:30 am | 3 | 3 |
| 12 | - സർക്കാർ സേവനങ്ങൾ കൃത്യമായും ഉറപ്പായും ജനങ്ങൾക്ക് ലഭ്യമാക്കാൻ അവസരമൊരുക്കുന്ന നിയമമാണ് സേവനാവകാശനിയമം.<br>- ഓരോ സർക്കാർ ഓഫീസും നൽകുന്ന സേവനങ്ങൽ എത്ര കാലപരിധിക്കുള്ളിൽ നൽകണമെന്ന് ഈ നിയമം അനുശാസിക്കുന്നു.<br>- നിശ്ചയ സമയത്തിനുള്ളിൽ ആവശ്യപ്പെട്ട സേവനം നൽകിയിട്ടില്ലെങ്കിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പിഴ ഈടാക്കണം .<br>- പൊതുഭരണം കാര്യക്ഷമമാക്കുന്നതിനുള്ള ഗവണ്മെന്റിന്റെ നടപടിയാണിത്. | 1+1 | 2 |
| 13 | - ഇന്ത്യൻ വ്യവസായങ്ങളുടെ തകർച്ചയെ തുടർന്ന് ജനങ്ങൾ നഗരങ്ങളിൽ നിന്ന് ഗ്രാമങ്ങളിലേക്ക് കുടിയേറിപ്പാർത്തു.<br>- അവർ ഗ്രാമങ്ങളിലെ കൃഷിപ്പണിയിലേക്ക് തിരിയുകയും അത് കൃഷിയെ ആശ്രയിച്ച് ജീവിക്കുന്നവരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാക്കുകയും ചെയ്തു.<br>- കാർഷികമേഖലയിൽ ഏർപ്പെടുന്നവരുടെ എണ്ണത്തിലെ വർധനവ് കാരണം കൃഷിഭൂമി ചെറിയ തുണ്ടുകളായിമാറി.<br>- ഇത് ഉല്പാദനമുരടിപ്പുണ്ടാക്കി. | 1+1+1 | 3 |
| 14 | അഖിലേന്ത്യാ സർവീസ് - ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസ്<br>കേന്ദ്ര സർവീസ് - ഇന്ത്യൻ റെയിൽവെ | 1+1+1 | 3 |

| | | | |
|---|---|---|---|
| 15 | സംസ്ഥാന സർവീസ് - സെയിൽ ടാക്സ്<br><br>- യോജിക്കുന്നു.<br>- രാജ്യത്തിന്റെ സാമ്പത്തിക വികസനത്തിന് പ്രകൃതി വിഭവങ്ങളോടൊപ്പം മനുഷ്യവിഭവങ്ങളും ശരിയായ രീതിയിൽ വിനിയോഗിക്കേണ്ടതുണ്ട്.<br>- പ്രകൃതി വിഭവങ്ങളിൽ മനുഷ്യാധ്വാനവും കൂടിച്ചേരുമ്പോളാണ് ഉല്പാദന വർദ്ദനവും സാമ്പത്തിക വർദ്ദനവും സാധ്യമാകുന്നത്.<br>- അതിനാൽ മാനവവിഭവം ശരിയായി മെച്ചപ്പെടുത്തുകയും ഉപയോഗിക്കുകയും ചെയ്താൽ മാത്രമെ മാനവവിഭവത്തിന്റെ ഗുണമേന്മ വർദ്ദിച്ച് ദാരിദ്ര്യം പോലുള്ള തടസ്സങ്ങൾ നീക്കം ചെയ്യാൻ കഴിയുകയുള്ളു. | 1+1+1 | 3 |
| 16 | - ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽ നികുതി കൂടുതലായിരുന്നു.<br>- കൂടാതെ നികുതി പണമായി നിശ്ചിത ദിവസം നൽകണമായിരുന്നു.<br>- അതിനാൽ കർഷകർ കൂടുതൽ വില ലഭിക്കുന്ന കൃഷിയിലേക്ക് നീങ്ങി.<br>- യൂറോപ്യൻ രാജ്യങ്ങൾക്കാവശ്യമായ ഉല്പന്നം കൃഷി ചെയ്താൽ കൂടുതൽ വില ലഭിക്കുമായിരുന്നു.<br>- അതിനാലാണ് കർഷകർ നാണ്യവിളകളിലേക്ക് നീങ്ങിയത്. | 1+1+1 | 3 |
| 17 | - സമരാത്രദിനങ്ങളിൽ അഥവാ വിഷുവങ്ങളിൽ ഉത്തരാർദ്ധഗോളത്തിലും ദക്ഷിണാർദ്ധഗോളത്തിലും പകലുകളുടെ ദൈർഘ്യം തുല്യമായിരിക്കും.<br>- ഗ്രീഷ്മ അയനാന്തദിനത്തിൽ ഉത്തരാർദ്ധഗോളത്തിൽ ദീർഘമായ പകലും ദക്ഷിണാർദ്ധഗോളത്തിൽ ദീർഘമായ രാത്രിയും ഉണ്ടാകുന്നു.<br>- ശൈത്യ അയനാന്തദിനത്തിൽ ഉത്തരാർദ്ധഗോളത്തിൽ ദീർഘമായ രാത്രിയും ദക്ഷിണാർദ്ധഗോളത്തിൽ ദീർഘമായ പകലും ഉണ്ടാകുന്നു. | 1+1 | 2 |
| 18 | മെഡിക്കൽ കോളേജുകൾ<br><br>ജില്ലാ ആശുപത്രികൾ<br><br>സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ<br><br>പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ<br><br>ആരോഗ്യ ഉപകേന്ദ്രങ്ങൾ | 1+1+1 | 3 |
| 19 | 1. യൂറോപ്പിലെ ഫ്യൂഡൽ വ്യവസ്ഥയ്ക്ക് അന്ത്യം കുറിച്ചു.<br>2. ജനകീയ പരമാധികാരം എന്ന ആശയത്തിന് പ്രാധാന്യമേറി.<br>3. ദേശീയതയുടെ ആവിർഭാവത്തിന് വഴിയൊരുക്കി<br>4. മധ്യവർഗ്ഗത്തിന്റെ വളർച്ചയെ സഹായിച്ചു. | 4x1 | 4 |

| | | | |
|---|---|---|---|
| | 5. യൂറോപ്പിലെ മറ്റ് സ്വേച്ഛാധിപത്യഭരണത്തിന് ഭീഷണിയായി<br>[ ഏതെങ്കിലും നാലെണ്ണം ] | | |
| 20 | - ഭരണതലത്തിലും ഉദ്യോഗസ്ഥതലത്തിലും രാഷ്ട്രീയ തലത്തിലും ഉള്ള അഴിമതി തടയുന്നതിന് രൂപം നൽകിയിരിക്കുന്ന സ്ഥാപനങ്ങളാണ് ലോക് പാലും ലോകായുക്തയും.<br>- ദേശീയതലത്തിൽ അഴിമതി തടയുന്നതിനായി രൂപം നൽകിയ സ്ഥാപനമാണ് ലോക് പാൽ.<br>- സംസ്ഥാനതലത്തിൽ അഴിമതി തടയുന്നതിനായി രൂപം നൽകിയ സ്ഥാപനമാണ് ലോകായുക്ത. | 1+1+1 | 3 |
| 21 | a] തെക്ക് പടിഞ്ഞാറൻ മൺസൂൺ കാറ്റ്<br>b] വേനൽക്കാലം<br>c] ഉയർന്ന പകൽ ചൂട് കാരണം കരയിൽ ന്യൂനമർദ്ദവുണ്ടാകുന്നു . ആ സമയം ഉച്ച മർദ്ദമുള്ള കടൽഭാഗത്തുനിന്നും കരയിലേക്ക് കാറ്റ് വീശുന്നു.<br>d] തെക്ക് കിഴക്കുനിന്നും ആരംഭിച്ച് ഉത്തരാർദ്ധ ഗോളത്തിലെത്തുമ്പോൾ കോറിയോലിസ് പ്രഭാവത്തിന്റെ സ്വാധീനത്താൽ ദിശാവ്യതിയാനം സംഭവിച്ച് തെക്ക് പടിഞ്ഞാറ് ദിശയിൽ നിന്നും വീശുന്നു. | 6 | 6 |
| | അല്ലെങ്കിൽ<br>1. മധ്യരേഖാ ന്യൂന മർദ്ദമേഖല<br>2. ഉപോഷ്ണ ഉച്ച മർദ്ദമേഖല<br>3. ഉപധ്രുവീയ ന്യൂന മർദ്ദമേഖല<br>4. ധ്രുവീയ ഉച്ചമർദ്ദമേഖല<br>- വർഷം മുഴുവൻ സൂര്യ രശ്മികൾ ലംബമായി പതിക്കുന്ന മേഖലയാണ് മധ്യരേഖാന്യൂനമർദ്ദമേഖല.<br>- അതിനാൽ സൂര്യന്റെ ചൂടേറ്റ് വായു വികസിക്കുകയും ഉയരുകയും ചെയ്യുന്നു. ഈ പ്രദേശത്ത് അതിനാൽ ന്യൂന മർദ്ദം അനുഭവപ്പെടുന്നു.<br>- മധ്യരേഖാപ്രദേശത്തുനിന്നും ചൂടുപിടിച്ച് ഉയരുന്ന വായു ക്രമേണ തണുത്ത് ഭ്രമണത്തിന്റെ സ്വാധീനത്താൽ ഉപോഷ്ണമേഖലയിൽ എത്തുമ്പോഴേക്കും താഴുകയും 30 ഡിഗ്രിയിൽ ഉച്ചമർദ്ദം അനുഭവപ്പെടുകയും ചെയ്യുന്നു. | 6 | 6 |
| 22 | അച്ചുതണ്ടു ശക്തികൾ - ജർമ്മനി , ഇറ്റലി , ജപ്പാൻ<br>സഖ്യശക്തികൾ - ഇംഗ്ലണ്ട് , ഫ്രാൻസ് , ചൈന. | 1+1 | 2 |
| 23 | - പോപ്പുലേഷൻ രജിസ്റ്റാർ ജനറൽ ആന്റ് സെൻസസ് കമ്മീഷണർ ഓഫീസ്<br>* രാജ്യത്തെ മാനവവിഭവശേഷിയുടെ ലഭ്യത അറിയാൻ<br>* ജനങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ അറിയാൻ<br>* ആവശ്യമായ സാധനങ്ങളുടേയും സേവനങ്ങളുടെയും അളവ് തിട്ടപ്പെടുത്താൻ<br>* സാമ്പത്തിക സാമൂഹ്യ വികസന നയങ്ങൾ രൂപീകരിക്കാൻ | 1+1 | 2 |
| 24. | UPSC - അഖിലേന്ത്യാ സർവീസിലേക്കും കേന്ദ്രസർവീസിലേക്കും ഉദ്യോഗസ്ഥരെ തെരഞ്ഞെടുക്കുന്നത്. | 1+1 | |

| | | | |
|---|---|---|---|
| | PSC - സംസ്ഥാന തലത്തിൽ ഉദ്യോഗസ്ഥരെ തെരഞ്ഞെടുക്കുന്നത്.<br><br>-ഭരണഘടനാ നിയമത്തെ അടിസ്ഥാനമാക്കി നിലവിൽ വന്ന സ്ഥാപനങ്ങളായതിനാൽ | | 2 |
| 25 | 1.- യന്ത്ര നിർമ്മിത തുണിത്തരങ്ങളുടെ ഇന്ത്യയിലേക്കുള്ള ഇറക്കുമതി<br>- റെയിൽവേ വ്യാപകമായത്<br>2. അലുമിനിയം പാത്രങ്ങളുടെ ഇറക്കുമതി<br>3. തുകൽ യൂറോപ്പിലേക്ക് കയറ്റുമതി ചെയ്തത്.<br>4. ലോഹനിർമ്മിത യന്ത്രങ്ങളുടെ ഉപയോഗം | 4x1 | 4 |
| 26 | കടൽക്കാറ്റ് - പകൽ<br>കരക്കാറ്റ് - രാത്രി<br>തെക്ക് പടിഞ്ഞാറൻ മൺസൂൺ - വേനൽക്കാലം<br>വടക്ക് കിഴക്കൻ മൺസൂൺ - ശൈത്യകാലം | 4x1 | 4 |
| 27 | - ആഗോള മർദ്ദമേഖലകൾക്കിടയിൽ രൂപപ്പെടുന്ന കാറ്റുകളാണ് ആഗോളവാതങ്ങൾ.<br>- വാണിജ്യവാതങ്ങൽ , പശ്ചിമ വാതങ്ങൾ , ധ്രുവീയ പൂർവ വാതങ്ങൾ എന്നിവയാണവ.<br>- ഉപോഷ്ണ ഉച്ചമർദ്ദമേഖലയിൽ നിന്ന് മദ്ധ്യരേഖാന്യൂനമർദ്ദമേഖലയിലേക്ക് വീശുന്ന കാറ്റുകളാണ് വാണിജ്യവാതങ്ങൾ. | 5 | 5 |

Prepared by


BIJU.M
H S A Social Science
GHSS PARAPPA
KASARGOD

COLIN JOSE. E
H S A Social Science
Dr. AMMRHSS, Kattela
TVPM